# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 857 11.03.2015 - ൽ മറുപടിക്ക്

## വൻകിട ശുദ്ധജല വിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എം.എ.വാഹിദ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വൻകിട ശുദ്ധജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായുള്ള പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാം; ഈ പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്നു വിശദമാക്കുമോ; | (എ) വൻകിട ശുദ്ധജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു. നിലവിൽ ജിക്ക ധനസഹായത്തോടെ 5 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തതിൽ ചേർത്തല പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്തു. ബാക്കിയുള്ള നാല് പദ്ധതികളായ തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം എന്നിവ ഭാഗികമായി ജലവിതരണം നടത്തി വരുന്നു. മേൽപ്പറഞ്ഞ നാല് പദ്ധതികൾ പൂർണ്ണമായി കമ്മീഷൻ ചെയ്യുവാൻ വേണ്ടി വിവിധ തലങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റുള്ള വകുപ്പുകളിൽ നിന്നും ലഭിക്കേണ്ടതായ അനുമതികൾ ഗവൺമെന്റ് തലത്തിൽ യോഗങ്ങൾ സംഘടിപ്പിച്ച് തീരുമാനങ്ങൾ എടുത്ത് പദ്ധതികൾ പൂർത്തീകരിക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. മേൽപ്പറഞ്ഞ വൻകിട പദ്ധതികൾക്ക് പുറമെ കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 206 പദ്ധതികളും നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 32 പദ്ധതികളും സ്റ്റേറ്റ് പ്ലാനിൽ |

ഉൾപ്പെടുത്തി കൊച്ചി നഗരത്തിനും സമീപ പഞ്ചായത്തുകൾക്കുമായിട്ടുള്ള വിപുലീകരണ പദ്ധതിയും, കൊല്ലം ശുദ്ധജലവിതരണ പദ്ധതിയ്ക്കായി കല്ലടയാറ്റിൽ കടപുഴ നിന്നും ജലം ലഭ്യമാക്കുന്ന പദ്ധതിയും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ, തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലേക്ക് ജൻറം സഹായത്തോടെയുള്ള രണ്ട് പദ്ധതികളും യു.ഐ.ഡി.എസ്.എസ്.എം.ടി. ധനസഹായത്തോടെയുള്ള 12 പദ്ധതികളും നടപ്പിലാക്കി വരുന്നു. എല്ലാ വൻകിട പദ്ധതികളും വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ പാസ്ക് (പി.എ.എസ്.കെ.) സംവിധാനത്തിലും വീഡിയോ കോൺഫറൻസ് വഴിയും അവലോകനം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, നബാർഡ്, ജൈക്ക, ജെ.എൻ.എൻ.യു.ആർ.എം., യു.ഐ.ഡി. എസ്.എസ്.എം.ടി. എന്നിവയാണ് വിവിധ വൻകിട ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ സഹകരിക്കുന്നത്.

| | |
|---|---|
| (ബി) വരൾച്ച പ്രതിരോധിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തിയ കാര്യങ്ങൾ വിശദമാക്കുമോ? | (ബി) വൻകിട കുടിവെള്ള പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതോടൊപ്പം വരൾച്ച പ്രതിരോധിക്കുന്നതിനും ഇത്തരം പദ്ധതികൾ ഉപകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ